



ക്രിസ്ത്യൻ ലൈവ് DAILY

ON THE BATTLEFIELD FOR THE GREAT COMMISSION

15 FEBRUARY 2024 VOL 03 ISSUE 045 744



# ക്രിസ്തുവിശ്വാസം ത്യജിക്കാത്തതിന്റെ പേരിൽ കൊലപാതകം

**സുക്മ:** തോങ്പാൽ പോലീസ് സ്റ്റേഷൻ പരിധിയിലെ ഗുപൻപാൽ ഗ്രാമത്തിൽ നിന്നുള്ള അമ്പത് വയസ്സുകാരനെ ക്രിസ്തുവിനെ വിശ്വസിക്കുന്നതിന്റെ പേരിൽ സാമൂഹിക വിരുദ്ധർ തല്ലിക്കൊന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെയും ക്രൂരമായി ഉപദ്രവിച്ചു. പോലീസ് നടപടിയെടുക്കണമെന്നന്ന് എഎപി നേതാവ് നരേന്ദ്ര ഭവാനി ആവശ്യപ്പെട്ടു. ഈ വിഷയത്തിൽ ആം ആദ്മി പാർട്ടിയുടെ ബസ്തർ ജില്ലാ പ്രസിഡന്റും ജഗ്ദൽപൂർ നിയമസഭയിലെ എംഎൽഎ സ്ഥാനാർത്ഥിയും പ്രസ്താവനയിറക്കി, ബസ്തർ ഡിവിഷനിലെ പല മേഖലകളിലും മതത്തിന്റെയും ജാതിയുടെയും പേരിൽ യേശുക്രിസ്തുവിനെ വിശ്വസിക്കുന്ന ആളുകൾ പരസ്യമായി ഗുണ്ടായിസം നേരിടുന്നു. വീടുകളിൽ കയറി മർദിക്കപ്പെടുന്നു. ഇത്തരം കാര്യങ്ങൾ ചെയ്യുന്നവർക്ക് നിയമത്തെയും പോലീസിനെയും ഭയമില്ലെന്നും ഇത്തരമൊരു സാഹചര്യത്തിൽ ഭരണഘടന നൽകുന്ന അവകാശങ്ങൾ എങ്ങനെ പാലിക്കുമെന്നത് ഏറെ ആശങ്കാജനകമാണ്, അധീരം പറഞ്ഞു.

സുക്മ ജില്ലയിൽ ക്രിസ്തുമതം ഉപേക്ഷിക്കണമെന്ന ആവശ്യം നിരസിച്ചതിനെത്തുടർന്ന് മൂന്ന് കുടുംബങ്ങളിൽ പെട്ട പന്ത്രണ്ട് ഗ്രാമീണരെ ക്രൂരമായി മർദിച്ചതായി പരാതി. ഇവരുടെ ബന്ധുക്കൾ തന്നെയാണ് ആക്രമണത്തിനു പിന്നിലെന്നാണ് വിവരം.





**CARTOON:**



ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
02
15 FEBRUARY 2024
VOL 03 | ISSUE 045 | 744

എഡിറ്റോറിയൽ

EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ലിഷർ**
നെൽസൺ ജോർജ്ജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്, ഒക്‌ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്
സിഞ്ചു മാത്യു നിലമ്പൂർ

# ചില ജനറൽ കൺവെൻഷൻ കാഴ്ച്ചകൾ



സജി വർഗ്ഗീസ്
മണിയാർ

കേരളത്തിലെ മുഖ്യധാരാ പെന്തക്കോസ്ത് സഭകളുടെ ജനറൽ കൺവെൻഷനുകൾക്ക് എല്ലാം തിരശ്ശീല വീണിരിക്കുന്നു. മുൻ വർഷങ്ങളേക്കാൾ ഗംഭീരമായിട്ടാണ് എല്ലാ സഭകളും അവരുടെ വാർഷീക കൂടിവരവുകൾ നടത്തിയത്. വിദേശത്തുള്ള പ്രസംഗകരെ പരമാവധി ഉൾപ്പെടുത്തിയോഗങ്ങൾ നടത്തിയതിനാൽ ധന ശേഖരണം ഗംഭീരമായി നടന്നുവെന്നും അത് ധാരാളമായി ചിലവഴിക്കാൻ കഴിഞ്ഞു എന്നാണ് മനസിലാക്കാൻ സാധിക്കുന്നത്. സംഭാവന നൽകുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസംഗകരെ തെരഞ്ഞെടുത്തതിനാൽ, പ്രസംഗരുടെ നിലവാരമോ, പാണ്ഡിത്യമോ, ആത്മ നിറവോ ഒക്കെ പ്രഥമ പരിഗണയിൽ എത്തിയില്ല എന്നത് പച്ച പരമാർത്ഥമാണ്.

സഭകൾ മുഖ്യ വിഷയമായി തെരഞ്ഞെടുത്തതെല്ലാം തന്നെ ഒരു ഉണർവിലേക്ക് നയിക്കപ്പെടാൻ ഉതകുന്ന തരത്തിലുള്ളതായിരുന്നു. എന്നാൽ അത് പതിവ് ചടങ്ങുകൾക്ക് അപ്പുറം എത്രത്തോളം ജന ഹൃദയങ്ങളിലേക്ക് ഇറങ്ങിച്ചെന്നു എന്ന് കാത്തിരുന്ന് കാണേണ്ടിയിരിക്കുന്നു. ഒരു സഭയൊഴികെ മറ്റെല്ലാവരും പതിവുപോലെ രാഷ്ട്രീയക്കാരെ ഉൾക്കൊള്ളിക്കാൻ മത്സരിക്കുകയായിരുന്നു. ഉന്നതനായ ദൈവത്തിന്റെ മാറ്റമില്ലാത്ത വചനം പ്രസംഗിച്ചുകൊണ്ടിരിക്കെ രാഷ്ട്രീയക്കാർ കടന്നു വരുന്നത് കണ്ട ചില പ്രസംഗകർ അവരുടെ പ്രസംഗം പാതിവഴിയിൽ നിർത്തി അക്രൈസ്തവരായ രാഷ്ട്രീയക്കാർക്ക് വേണ്ടി മാറിക്കൊടുക്കുക പോലും ചെയ്തു.

കക്ഷി രാഷ്ട്രീയത്തിനനുസൃതമായി കൺവൻഷന്റെ ഉത്തരവാദിത്വങ്ങൾ വീതംവച്ചു കൊടുക്കുന്ന പ്രവണതയായിരുന്നു മറ്റൊരു പൊതുവായ കാഴ്ച. ചില നേതാക്കൾ അവരുടെ ഗ്രൂപ്പിൽ പെടാത്ത ദൈവഭൃത്യർ പ്രാർത്ഥിക്കുമ്പോൾ കണ്ണുകൾ പോലും അടയ്ക്കാൻ തയ്യാറാകാതെ അലക്ഷ്യമായി ഇരിക്കുന്നതും പതിവ് കാഴ്ചയായിരുന്നു.

ചില സഭാ നേതാക്കന്മാർ വർഷത്തിൽ ഒരിക്കൽ ജനറൽ കൺവെൻഷൻ നടത്തുന്നതൊഴിച്ചാൽ ഏതെങ്കിലും ഒരു പ്രാദേശിക സഭയുടെ ഇടയനായി ഒരു വർഷംപോലും തുടർമാനമായി പ്രവർത്തിച്ച് പരിചയം കൈവന്നിട്ടില്ലാത്തവരാണ്. സഭാ രാഷ്ട്രീയ മികവുകൊണ്ട് മാത്രം അധികാര കസേരകളിൽ അള്ളിപ്പിടിച്ചിരിക്കുന്നവരാണ് ഇക്കൂട്ടർ.

ആവർത്തന വിരസത ഉളവാക്കുന്ന ആശംസകളും, നേതാക്കളെ പുകഴ്ത്തുന്ന അണികളും, പുകഴ്ത്തൽ കേട്ട് പുളകം കൊള്ളുന്ന നേതാക്കന്മാരും; ഇതെല്ലാം സഹിച്ച് ഇരിക്കുന്ന കുറെ വിശ്വാസികളും. കർത്താവിന്റെ വരവ് ഉടൻ ഉണ്ടായില്ലെങ്കിൽ അടുത്ത വർഷങ്ങളിലും ഈ പ്രകടനങ്ങളുടെ തനിയാവർത്തനം ഉണ്ടാകും എന്നതിൽ രണ്ടു പക്ഷമില്ല.

തീം തെരെഞ്ഞെടുക്കുന്നതിലല്ല മറിച്ച് തെരഞ്ഞെടുക്കപ്പെടുന്ന മുഖ്യ വിഷയത്തെ അധികരിച്ച് നൽകപ്പെട്ട വചനത്തിനനുസരിച്ച് ജീവിക്കാൻ സമർപ്പിക്കുമ്പോഴാണ് യഥാർത്ഥ ഉണർവിലേക്ക് ജനം നയിക്കപ്പെടുന്നത്.

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:



### കൊസോവോ

| | |
|---|---|
| തലസ്ഥാനം | : പ്രിസ്റ്റീന |
| ഭാഷ | : അൽബാനിയൻ, സെർബിയൻ |
| ജനസംഖ്യ | : 1,771,065 |
| പ്രസിഡണ്ട് | : വിജോസ ഉസ്മാനി |
| മതം | : ഇസ്ലാം |

കൊസോവോയിൽ ഔദ്യോഗികമായ ഒരു മതമില്ല. ഭൂരിപക്ഷവും അന്യ മതസ്ഥരാണ്. ഇവർക്കിടയിൽ സുവിശേഷം പ്രഘോഷിക്കുന്നതിനുള്ള സ്വാതന്ത്ര്യം എന്നും നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കാം.

സെർബികളും അൽബേനിയക്കാരും തമ്മിലുള്ള വംശിയ യുദ്ധം ഇപ്പോഴും തുടരുന്നു. രാജ്യത്ത് ക്രമസമാധാനം പുലരാനായി പ്രാർത്ഥിക്കുക.

കൊസോവോയിലെ ക്രിസ്തിയ സമൂഹം രാജ്യത്തോട് വളരെയധികം പ്രതിബദ്ധതയുള്ള ചെറിയ കൂട്ടമാണ്. ഇവരുടെ ആത്മീയ വളർച്ചയ്ക്കും ഉണർവ്വിനായും പ്രാർത്ഥിക്കുക. സുവിശേഷത്തിനായി സഭ ധീരതയോടെ നിലകൊള്ളട്ടെ.

ക്രിസ്ത്യൻ ലൈവ് DAILY
പരസ്യ നിരക്ക്

**FULL PAGE**

| | |
|---|---|
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |

**HALF PAGE**

| | |
|---|---|
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |

**QUARTER PAGE**

| | |
|---|---|
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |

**HALF OF QUARTER PAGE**

| | |
|---|---|
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

## വാഗ്ദത്ത വചനം

**ഫെബ്രുവരി 15**

**1 കൊരി. 11: 24** ഇത് നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്യുവിൻ എന്ന് പറഞ്ഞു.

# മതപരിവർത്തനത്തിന് കളക്ടറുടെ അനുമതി തേടി 150 കുടുംബങ്ങൾ

ഇൻഡോർ : മധ്യപ്രദേശിലെ ദിൻഡോരി ജില്ലയിലെ 150 ഓളം കുടുംബങ്ങൾ ഒരു നൂറ്റാണ്ടിലേറെയായി ഗ്രാമത്തിലെ റാത്തോർ സമുദായം തങ്ങളെ പുറത്താക്കിയെന്ന് ആരോപിച്ച് ക്രിസ്തുമതത്തിലേക്ക് മാറാൻ ജില്ലാ കളക്ടറോട് അനുമതി തേടി. സമുദായാംഗങ്ങൾ മതപരിവർത്തനത്തിന് അനുമതി തേടി കളക്ടർ വികാസ് മിശ്രയോട് അപേക്ഷിച്ചു. വർഷങ്ങൾക്ക് മുമ്പ് തങ്ങളുടെ പൂർവ്വികരിലൊരാൾ സമുദായത്തിന് പുറത്തുള്ള ഒരാളെ വിവാഹം കഴിച്ചതിന് ശേഷം റാത്തോർ സമുദായം തങ്ങളുടെ പൂർവ്വികരെ സമൂഹത്തിന് പുറത്താക്കിയതായി പറയുകയും ചെയ്തു. റാത്തോർ സമുദായം തങ്ങളുടെ പെൺമക്കളുടെ വിവാഹ ക്രമീകരണങ്ങൾ തകർക്കുകയും സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ശ്രമിച്ചാൽ ആൺകുട്ടികളുടെ കാലുകൾ തകർക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യുന്നുവെന്നും അവർ ആരോപിച്ചു. മധ്യപ്രദേശിലെ ദിൻഡോരിയിലെ ധനുവ സാഗർ ഗ്രാമത്തിൽ നിന്നാണ് ഗ്രാമവാസികൾ കുട്ടികളുമായി പൊതു ഹിയറിംഗിനെത്തിയത്. മേലുദ്യോഗസ്ഥരോട് പരാതിപ്പെട്ട് മടുത്തെന്നും മതപരിവർത്തനത്തിന് അനുമതി തേടിയെന്നും ഇവർ പറഞ്ഞു.



# സാമൂഹത്തിന്റെ സുസ്ഥിര വികസനത്തിനു ഊന്നൽ നൽകുമ്പോൾ ദരിദ്രരെ വിസ്മരിക്കരുത്: ആർച്ചുബിഷപ്പ് ഗബ്രിയേലെ കാച്ച

വത്തിക്കാൻ സിറ്റി : ഐക്യരാഷ്ട്രസഭയുടെ, സാമൂഹ്യ വികസനകമ്മീഷന്റെ 62 മത് സമ്മേളനത്തിൽ, പരിശുദ്ധ സിംഹാസനത്തിന്റെ സ്ഥിരം നിരീക്ഷകനായ ആർച്ചുബിഷപ്പ് ഗബ്രിയേലെ കാച്ച പ്രസ്താവന നടത്തുകയും, ദരിദ്രർക്കു വേണ്ടിയുള്ള വികസന പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതിന്റെ ആവശ്യകത അടിവരയിടുകയും ചെയ്തു. സുസ്ഥിര വികസനത്തിനായുള്ള 2030 ലെ അജണ്ട നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക, ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ സമഗ്രമായ ലക്ഷ്യം കൈവരിക്കുക, സാമൂഹ്യ നയങ്ങളിലൂടെ സാമൂഹിക വികസനവും സാമൂഹിക നീതിയും വളർത്തുക എന്നതാണ് 62 മത് സമ്മേളനത്തിന്റെ പ്രമേയം.
പൊതുനന്മ നേടുന്നതിനുള്ള പരിശ്രമങ്ങളിൽ ധാർമ്മികത പാലിക്കേണ്ടത് അനിവാര്യമാണ്, ദുർബലമായ സാഹചര്യങ്ങളിൽ കഴിയുന്ന ദരിദ്രരോടുള്ള പരിഗണനയെന്ന ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ എടുത്തു പറഞ്ഞുകൊണ്ടാണ് ആർച്ചുബിഷപ്പ് തന്റെ വാക്കുകൾ ആരംഭിച്ചത്. ദാരിദ്ര്യത്തിന്റെ എല്ലാ മൂലകാരണങ്ങളെയും ആദ്യം അഭിസംബോധന ചെയ്തുകൊണ്ട് അതിന്റെ ഫലങ്ങൾ ലഘൂകരിക്കാൻ നാം പ്രവർത്തിക്കണമെന്ന് പ്രസ്താവനയിൽ അദ്ദേഹം പറഞ്ഞു. വികസനത്തിന്റെ സാമൂഹിക മാനം സമഗ്രമായ മാനുഷിക വികസനം ഉറപ്പാക്കുക എന്നതാണ്. അതിനാൽ കുടുംബ, സാമൂഹിക, ആത്മീയ, സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ മേഖലകളുടെ പശ്ചാത്തലത്തിൽ ഓരോ വ്യക്തിയുടെയും അഭിവൃദ്ധി ഉറപ്പുവരുത്തേണ്ടതും ആവശ്യമാണ്.ഇത്തരത്തിൽ സമഗ്രമായ വികസനം ഉറപ്പുവരുത്തുവാൻ വിദ്യാഭ്യാസ സംവിധാനങ്ങൾ ഏറെ പങ്കുവഹിക്കുന്നുണ്ടെന്നും, അതിനാൽ ദരിദ്രാവസ്ഥയിൽ കഴിയുന്നവർക്ക് വിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണെന്നും ആർച്ചുബിഷപ്പ് പ്രസ്താവനയിൽ ഓർമ്മപ്പെടുത്തി . പിന്നീട് തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ചൂണ്ടിക്കാട്ടി. ഒരു വ്യക്തിയുടെ, ആത്മസാക്ഷാത്ക്കാരത്തിനുള്ള ഉപാധിയാണ് തൊഴിലെന്നും, അവിടെ മാന്യവും, സുരക്ഷിതവുമായ രീതിയിൽ തങ്ങളുടെ കഴിവുകൾ മാറ്റുരയ്ക്കുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടണമെന്നും ആർച്ചുബിഷപ്പ് എടുത്തുപറഞ്ഞു.
അന്താരാഷ്ട്ര കുടുംബ വർഷത്തിന്റെ മുപ്പതാം വാർഷികം ആഘോഷിക്കുന്ന വേളയിൽ,കുടുംബ ബന്ധങ്ങളെ ഇകഴ്ത്തുന്ന രീതിയിൽ സൃഷ്ടിക്കപ്പെടുന്ന സാഹചര്യങ്ങളെ ആർച്ചുബിഷപ്പ് അപലപിച്ചു.'സമൂഹത്തിന്റെ സ്വാഭാവികവും അടിസ്ഥാനപരവുമായ ഘടകമാണ് കുടുംബമെന്നും , അതിനാൽ അതിന്റെ കെട്ടുറപ്പിന് സമൂഹത്തിന്റെയും ഭരണകൂടത്തിന്റെയും സംരക്ഷണത്തിന് അർഹതയുണ്ടെന്നുമുള്ള' ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ് ആർച്ചുബിഷപ്പ് കുടുംബങ്ങൾക്കു വേണ്ടി സംസാരിച്ചത്. 'ഇക്കാരണത്താൽ, സാമൂഹ്യനീതിയും സാമൂഹ്യവികസനവും കൈവരിക്കുന്നതിൽ കുടുംബത്തിന്റെ അനിവാര്യമായ പങ്ക് സാമൂഹിക നയങ്ങൾ പിന്തുണയ്ക്കണം', ആർച്ച്ബിഷപ്പ് ഗബ്രിയേലെ കാച്ച കൂട്ടിച്ചേർത്തു.

# വിശ്വാസത്തിന്റെ പേരിൽ ജീവിക്കാൻ അനുവദിക്കാത്തത് അപലപനീയം: കെ.സി.സി



തിരുവല്ല: രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവ വിശ്വാസികൾക്ക് നേരെ അതിക്രമം ഉണ്ടാകുന്നതും വിശ്വാസത്തിന്റെ പേരിൽ ജീവിക്കാൻ അനുവദിക്കാത്തതും അപലപനീയവും രാജ്യത്തിന്റെ മതേതരത്വത്തോടുള്ള വെല്ലുവിളിയും ആണ്. ഛത്തീസ്ഗഡിൽ വിശ്വാസം ഉപേക്ഷിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ക്രൈസ്തവരെ വീടുകയറി ആക്രമിക്കുന്നു എന്ന വാർത്ത ഭയപ്പെടുത്തുന്നു. നിർബന്ധിത മതപരിവർത്തനവും നിർബന്ധിത ഘർവാപസിയും ഒരുപോലെ എതിർക്കപ്പെടേണം. ഭാരതത്തിന്റെ സംസ്കാരം ഉൾക്കൊള്ളൽ ആണ്, നശിപ്പിക്കൽ അല്ല. ഭാരതഭൂമിക്ക് എല്ലാ തലങ്ങളിലും നന്മ ചെയ്ത ക്രൈസ്തവ സമൂഹത്തെ നശിപ്പിക്കുവാൻ നടത്തുന്ന ശ്രമത്തിന് എതിരെ കേരളാ കൗൺസിൽ ഓഫ് ചർച്ചസ് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനും ദേശീയ ന്യൂനപക്ഷ കമ്മീഷനും പരാതി നൽകി. ഇപ്രകാരമുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഭരണാധികാരികൾ ശ്രദ്ധിക്കണമെന്നും കെ.സി.സി. ജനറൽ സെക്രട്ടറി ഡോ. പ്രകാശ് പി.തോമസ് പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

# ക്രൈസ്തവർക്ക് നേരെയുള്ള ആക്രമണ ങ്ങളെ അപലപിച്ച് യഹൂദ ചരിത്രകാരൻ

ബെർലിൻ : ജെറുസലേമിൽ ക്രൈസ്തവർക്ക് നേരെയുള്ള ആക്രമണങ്ങളെ അപലപിച്ച് യഹൂദ ചരിത്രകാരനായ മൈക്കൽ വോൾഫ്സൺ. ജെറുസലേമിൽ തീവ്ര യഹൂദവാദികൾ ബെനഡിക്റ്റൈൻ മഠാധിപതിക്ക് നേരെ തുപ്പുകയും യേശുവിനെതിരെ അസഭ്യം പറയുകയും ചെയ്ത സംഭവം വിവാദമായതിന് പിന്നാലെയാണ് അദ്ദേഹം പ്രതികരണം നടത്തിയിരിക്കുന്നത്. ഇത്തരം സംഭവങ്ങൾ അപലപനീയമാണെന്നും വിദ്വേഷം അവസാനിപ്പിക്കാൻ തയാറാകണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. ജെറുസലേമിൽ, യാഥാസ്ഥിതിക യഹൂദർ ക്രൈസ്തവരുടെയോ മുസ്ലീങ്ങളുടെയോ മേൽ തുപ്പുകയോ അടിക്കുകയോ ചെയ്യുമ്പോൾ അവർ തങ്ങളെ മാതൃക യഹൂദന്മാരായി കണക്കാക്കുന്നു. ആ യാഥാസ്ഥിതിക യഹൂദർ തോറയിലും താൽമൂദിലും പാരമ്പര്യത്തിലും മണിക്കൂറുകളോളം മുഴുകിയിരിക്കുന്നുവെങ്കിലും യഹൂദമതം വ്യക്തമായി അവരുടെ പാഠ്യപദ്ധതിയുടെ ഭാഗമല്ല. യഹൂദരായ ഞങ്ങൾ ആയിരക്കണക്കിന് വർഷങ്ങളായി യഹൂദരോടുള്ള വിദ്വേഷത്തെക്കുറിച്ച് പരാതിപ്പെടുന്നു. ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും എതിരായ യഹൂദ വിദ്വേഷവും അപലപനീയമാണ്. താൻ കുറ്റവാളികളുടെ പരിവർത്തനത്തിനായി പ്രാർത്ഥിക്കുകയാണെന്നും മൈക്കൽ വോൾഫ്സൺ കൂട്ടിച്ചേർത്തു. കഴിഞ്ഞ ഏതാനും വർഷങ്ങളായി ക്രൈസ്തവർക്ക് നേരെ യഹൂദ ദേശീയവാദികൾ നടത്തുന്ന ആക്രമണങ്ങളുടെ എണ്ണം വർദ്ധിക്കുകയാണ്.

# പാലയൂർ പള്ളി, സംഘപരിവാർ വിവാദ പ്രസ്താവനക്ക് സുരേഷ് ഗോപി മറുപടി നല്കണം; എൽഡിഎഫ് ജില്ലാ കമ്മറ്റി



തൃശൂർ: പാലയൂർ സെന്റ് തോമസ് പള്ളി സംബന്ധിച്ച് സംഘപരിവാർ നേതാവ് ആർ.വി. ബാബു നടത്തിയ പ്രസ്താവനയെ കുറിച്ച് സുരേഷ് ഗോപി നിലപാട് വ്യക്തമാക്കണമെന്ന് എൽഡിഎഫ് ജില്ലാ കമ്മിറ്റി. കേരളത്തിൽ നിലനിൽക്കുന്ന മനുഷ്യരുടെ ഐക്യം തകർക്കുക എന്ന ലക്ഷ്യത്തോടെ ബോധപൂർവമാണ് സംഘപരിവാർ നേതാവിന്റെ ഈ അഭിപ്രായ പ്രകടനമെന്നും എൽഡിഎഫ് കുറ്റപ്പെടുത്തി. തൃശൂരിൽ സ്ഥാനാർഥിയായി ബിജെപി ഉയർത്തിക്കാട്ടുന്ന സുരേഷ് ഗോപി ക്രിസ്ത്യൻ ദേവാലയങ്ങൾ സന്ദർശിച്ച് വരികയാണ്. ഇത്തരമൊരു സാഹചര്യത്തിൽ സംഘപരിവാർ നേതാക്കളുടെ ഭാഗത്ത് നിന്നുള്ള പ്രസ്താവനകളെ കുറിച്ച് പ്രതികരിക്കാൻ അദ്ദേഹത്തിന് ബാധ്യതയുണ്ടെന്നാണ് എൽഡിഎഫ് പറയുന്നത്.

പാലയൂർ ക്രിസ്ത്യൻപള്ളി നിന്നിടത്ത് നൂറ്റാണ്ടുകൾക്ക് മുമ്പ് ശിവക്ഷേത്രമായിരുന്നു എന്നായിരുന്നു ഹിന്ദു ഐക്യവേദി സംസ്ഥാന സെക്രട്ടറിയായ ആർ.വി. ബാബുവിന്റെ വിവാദ പ്രസ്താവന. യാതൊരു അടിസ്ഥാനവുമില്ലാത്തതികച്ചും പ്രകോപനപരമായ പ്രസ്താവനയാണ് അദ്ദേഹം നടത്തിയത്. ആർ.വി. ബാബു തൃശൂരിലെ ക്രിസ്ത്യൻ പള്ളികളെ കുറിച്ചും നുണ പ്രചരണങ്ങൾ നടത്തുന്നുണ്ട്. ഇതേ കുറിച്ചും ജനങ്ങളോട് വിശദീകരിക്കാൻ സുരേഷ് ഗോപി തയ്യാറാവണം. തൃശൂരിന്റെ മാതൃകയായ മതസൗഹാർദ്ദം തകർക്കാൻ നടത്തുന്ന പ്രകോപനപരമായ നീക്കങ്ങൾക്കെതിരേ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും എൽ.ഡി.എഫ് വാർത്താകുറിപ്പിൽ അഭ്യർത്ഥിച്ചു.

# എയർ ലൈൻസിൽ നിന്നും കിട്ടിയ സാൻ ഡ്‌വിച്ചിൽ സ്ക്രൂ






ബാംഗ്ലൂർ: ബംഗലൂരുവിൽ നിന്ന് ചെന്നൈയിലേക്കുള്ള യാത്രയ്ക്കിടെ ഇൻഡിഗോ എയർലൈൻസിൽ വിതരണം ചെയ്ത ഭക്ഷണത്തിൽ നിന്നും സ്ക്രൂ കിട്ടിയതായി പരാതി. സ്ക്രൂ അടങ്ങിയ സാൻഡ്‌വിച്ചിന്റെ ചിത്രം സോഷ്യൽ മീഡിയയിൽ പങ്കുവെച്ചാണ് പരാതി ഉന്നയിച്ചിരിക്കുന്നത്. പാതി കഴിച്ച സാൻഡ്‌വിച്ചിൽ സ്ക്രൂ ഇരിക്കുന്നത് വ്യക്തമായി കാണാം. എന്നാൽ ഈ സംഭവത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കാനാവില്ലെന്ന നിലപാടിലാണ് ഇൻഡിഗോ എയർലൈൻസ്. പോസ്റ്റിനു പിന്നാലെ സമാനാനുഭവങ്ങൾ പങ്കുവച്ചുകൊണ്ട് നിരവധി പേരും രംഗത്തെത്തിയിട്ടുണ്ട്. ഭക്ഷണത്തിൽ നിന്നും കീടങ്ങളും പാറ്റകളും ലഭിച്ച ചിത്രങ്ങളാണ് സോഷ്യൽ മീഡിയയിൽ പലരും പങ്കുവെക്കുന്നത്

# യു.എസി. ലെ 4 അംഗ കുടുംബത്തിന്റെ മരണത്തിൽ ദുരൂഹത; ശരീരത്തിൽ വെടിയേറ്റ പാടുകൾ



കൊല്ലം: യു എസിൽ കാലിഫോർണിയയിലെ സാൻ മറ്റേയോയിൽ നാലംഗ മലയാളി കുടുംബത്തിന്റെ മരണത്തിൽ ദുരൂഹത. കൊല്ലം സ്വദേശികളായ ഒരു കുടുംബത്തിലെ 4 പേരെയാണ് മരിച്ചനിലയിൽ കണ്ടെത്തിയത്. കൊല്ലം ഫാത്തിമ മാതാ കോളേജിലെ മുൻ പ്രിൻസിപ്പൽ പട്ടത്താനം വികാസ് നഗർ സ്നേഹയിൽ ഡോ. ജി ഹെന്റിയുടെയും റിട്ട. അധ്യാപിക ശാന്തമ്മയുടെയും മകൻ ആനന്ദ് സുജിത് ഹെൻറി (42) ഭാര്യ ആലീസ് പ്രിയങ്ക (40) ഇരട്ട ആൺകുട്ടികളായ നോഹ, നെയ്ഥൻ (4) എന്നിവരാണ് മരിച്ചത്. മരിച്ച ആനന്ദിന്റെയും ആലീസിന്റെയും ശരീരത്തിൽ വെടിയേറ്റ പാടുകൾ ഉള്ളതായാണ് റിപ്പോർട്ട്. മൃതദേഹങ്ങൾക്ക് സമീപത്ത് നിന്ന് പിസ്റ്റൾ കണ്ടെത്തി. ഭാര്യയെ കൊലപ്പെടുത്തി ആനന്ദ് ആത്മഹത്യ ചെയ്തുവെന്നാണ് നിഗമനം. അതേ സമയം കുട്ടികൾ എങ്ങനെയാണ് മരിച്ചതെന്ന് എന്നതിൽ ദുരൂഹത തുടരുന്നു. ഇക്കാര്യം അന്വേഷിച്ച് വരികയാണെന്ന് പോലീസ് പറയുന്നു. വിഷവാതകം ശ്വസിച്ചതാകാം മരണകാരണം എന്നായിരുന്നു പ്രാഥമിക നിഗമനം. തണുപ്പിനെ പ്രതിരോധിക്കാൻ ഉപയോഗിച്ച ഹീറ്ററിൽ നിന്ന് ഉയർന്ന വാതകം ഉറക്കത്തിൽ ശ്വസിച്ചതാവാം എന്നാണ് ബന്ധുക്കൾ കരുതിയിരുന്നത്. അമേരിക്കൻ സമയം 12 ന് രാവിലെ 9.15 നാണ് പോലീസ് മൃതദേഹങ്ങൾ കണ്ടെത്തിയത്. കിളികൊല്ലൂർ വെളിയിൽ വീട്ടിൽ പരേതനായ ബെൻസിഗർ ജൂലിയറ്റ് ദമ്പതികളുടെ ഏക മകളാണ് ആലീസ് പ്രിയങ്ക. ആലീസിന്റെ അമ്മ ജൂലിയറ്റ് അമേരിക്കയിലായിരുന്നു. 11 നാണ് അവിടെ നിന്ന് നാട്ടിലേയ്ക്ക് തിരിച്ചത്. 12 ന് രാവിലെ തിരുവനന്തപുരം വിമാനത്താവളത്തിലെത്തി ആലീസിനെ വിളിച്ചിരുന്നു. കൊല്ലത്തെ വീട്ടിലെത്തിയ ശേഷം ഇരുവർക്കും വാട്സാപ്പ് മെസേജ് അയച്ചു. ഒരാൾ മാത്രമാണ് മെസേജ് കണ്ടത്. തിരിച്ച് വിളക്കാത്തിനെ തുടർന്ന് അമേരിക്കയിലുള്ള ഒരു ബന്ധുവിനെ വിവരം അറിയിച്ചു. അദ്ദേഹം ഒരു സുഹൃത്തിനോട് പറഞ്ഞ് അന്വേഷിച്ചു. ആനന്ദിന്റെ വീടിന് പുറത്ത് എത്തിയ സുഹൃത്തിന് സംശയം തോന്നിയാണ് പോലീസിൽ വിവരം അറിയിച്ചത്. പോലീസ് എത്തി പൂട്ട് തുറന്നപ്പോഴാണ് ഒരു മുറിയിൽ നാല് പേരെ മരിച്ചനിലയിൽ കണ്ടെത്തിയത്. പോസ്റ്റ് മോർട്ടം റിപ്പോർട്ട് വന്നാൽ മാത്രമെ മരണ കാരണം വ്യക്തമാകൂ എന്നാണ് സാൻ മറ്റേയോ പൊലീസ് ബന്ധുക്കളെ ആദ്യം അറിയിച്ചത്. ഗൂഗിളിൽ ജോലി ചെയ്യുകയായിരുന്ന ആനന്ദ് അടുത്തിടെയാണ് ജോലി രാജി വെച്ച് സ്റ്റാർട്ട് അപ്പ് തുടങ്ങിയത്. ആലീസ് സീനിയർ അനലിസ്റ്റായി ജോലി ചെയ്യുകയായിരുന്നു, 7 വർഷം മുൻപ് കുടുംബം അമേരിക്കയിലേക്ക് പോയി, ഇതിന് ശേഷം നാട്ടിലേക്ക് വന്നിട്ടില്ല .

# ഉത്തര പ്രദേശിൽ അറസ്റ്റിലായ പാസ്റ്റർ ജോസ് പുല്ലുവേലിക്ക് ജാമ്യം



ഖലീലാബാദ്: ഉത്തര പ്രദേശിൽ മതപരിവർത്തന ശ്രമം ആരോപിച്ച് ജയിലിൽ കഴിഞ്ഞിരുന്ന മലയാളിയായ പാസ്റ്റർ ജോസ് പുല്ലുവേലിക്ക് ജാമ്യം ലഭിച്ചു. ഒപ്പം അറസ്റ്റ് ചെയ്യപ്പെട്ട ഭാര്യ ഏലമ്മയ്ക്ക് ഒരു മാസം മുൻപ് ജാമ്യം ലഭിച്ചിരുന്നു.

ജോസ് എലമ്മ ദമ്പതികളോടൊപ്പം അറസ്റ്റ് ചെയ്യപ്പെട്ട ഇവരുടെ സഹപ്രവർത്തകരും തദ്ദേശീയരുമായ ബ്രദർ അജോർ ബ്രദർ റാം ബാരൻ എന്നിവർക്കും സന്ധ കബീർ നഗർ സെഷൻസ് കോർട്ട് ജാമ്യം അനുവദിച്ചിട്ടുണ്ട്.

ഡിസംബർ 11ന് അറസ്റ്റിലായ പാസ്റ്റർ ജോസ് അറുപത്തിനാല് ദിവസമാണ് ഖലീലാബാദ് ജില്ലാ ജയിലിൽ കഴിഞ്ഞത്. പെഴ്സിക്കുഷൻ റിലീഫിന്റെ മലയാളിയായ അഡ്വക്കേറ്റ് പാസ്റ്റർ സാബു തോമസാണ് ഇവർക്ക് വേണ്ടി നിയമകാര്യങ്ങൾ നിർവഹിച്ചത്

തിരുവല്ല ഐപിസി പ്രയർ സെന്റർ സഭാംഗമായ പുല്ലുവേലിൽ പാസ്റ്റർ ജോസും ഭാര്യ ഏലമ്മയും പ്രത്യേക ദൈവിക ദർശന പ്രകാരം 2008 ലാണ് ഉത്തര പ്രദേശിൽ സുവിശേഷ പ്രവർത്തനത്തിന് തുടക്കം കുറിച്ചത്. സന്ത് കബീർ നഗർ ജില്ലയിലെ ഔറഹി പ്രദേശത്താണ് ഇവർ പ്രവർത്തിച്ചിരുന്നത്. രണ്ടുദിവസത്തിനകം പാസ്റ്റർ ജോസും സഹപ്രവർത്തകരും നടപടിക്രമങ്ങൾ പൂർത്തീകരിച്ച പുറത്തിറങ്ങുമെന്ന് പ്രതീക്ഷിക്കുന്നതായി പേഴ്സിക്യൂഷൻ റിലീഫിന് വേണ്ടി പാസ്റ്റർ ഷിബു തോമസ് അറിയിച്ചു

# കോഴിക്കോട് അപ്കോൺ ഏകദിന സമ്മേളനം

കോഴിക്കോട് : യുണൈറ്റഡ് പെന്തെക്കോസ്തൽ കോൺഫറൻസ് നേതൃത്വം നൽകുന്ന ഏകദിന സുവിശേഷ സമ്മേളനം ഫെബ്രുവരി 17 ന് ശനിയാഴ്ച വൈകുന്നേരം ആറുമുതൽ കോഴിക്കോട് ഫിലദൽഫ്യ കെപിസി) ഹാളിൽ നടക്കും.

റവ. സന്തോഷ് തര്യൻ ( യു എസ് എ ) മുഖ്യസന്ദേശം നൽകും. അപ്കോൺ ക്വയർ

ഗാന ശുശ്രുഷയ്ക്ക് നേതൃത്വം നൽകും.

15 FEBRUARY 2024
VOL 03 | ISSUE 045 | 744

# ഐ.സി.പി.എഫ് ബഹറിൻ: ടീൻസ് മീറ്റ്

മനാമ: ഐ.സി.പി.എഫ് ബഹറിൻ ചാപ്റ്റർ ഒരുക്കുന്ന ടീൻസ് മീറ്റ് ഫെബ്രുവരി 17ന് വൈകിട്ടു 07:30 മുതൽ 09:00 മണി വരെ ബി.പി.സി ചർച്ച സെഗ്!യയിൽ വെച്ചു നടത്തപ്പെടുന്നു പ്രസ്തുത മീറ്റിംഗിൽ ബ്രദർ പോൾ ജോർജ് വചനത്തിൽ നിന്നു സംസാരിക്കുകയും ബ്രദർ വിവേക് & സിസ്റ്റർ ഗ്ലോറിയ ആരാധനക്കു നേതൃത്വം നൽകും




നീലത്തിമിംഗലവും ആഫ്രിക്കൻ ആനയുമാണ് ലോകത്തിലെ ഏറ്റവും വലിയ രണ്ട് സസ്തനികൾ. മൂന്നാം സ്ഥാനം ഹിപ്പോപ്പൊട്ടാമസിനാണ്. ഭീമാകാരമായ മൃഗത്തിന് 8,000 പൗണ്ട് ഭാരമുണ്ട്. പുരാതന ഗ്രീക്കിൽ ഹിപ്പോ എന്ന വാക്കിന് അർത്ഥം നീർക്കുതിരയെന്നാണ്. ഭൂമിയിൽ ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ മാത്രമാണ് ഇന്ന് ഹിപ്പോയെ കണ്ടെത്താൻ കഴിയുന്നത്. എന്നാൽ ആഫ്രിക്കയിലെ മുപ്പതിലധികം രാജ്യങ്ങൾ ഹിപ്പോകളുടെ ജന്മദേശമായി സ്വയം അറിയപ്പെടുന്നു. ഹിപ്പോകൾ പൂർണ്ണമായും സസ്യഭുക്കുകളാണ്. അമ്പത് വർഷം വരെ ഇതിന് ജീവിക്കാനാകും. ലോകത്ത് രണ്ട് ഇനം ഹിപ്പോകളെ നമുക്ക് കാണാനാകും സാധാരണ ഹിപ്പോയും പിഗ്മി ഹിപ്പോയും ഹിപ്പോപ്പൊട്ടാമസിനെക്കുറിച്ച് കൂടുതലറിയാനുള്ള ദിവസമാണിന്ന്. ലോക ഹിപ്പോ ദിനം.

# ദുബായ്: കനത്ത മഴയെ തുടർന്ന് ഷാർജയിൽ 61 കുടുംബങ്ങളെ മാറ്റിപാർപ്പിച്ചു.



നാല് ഹോട്ടലുകളിലായി 346 പേർക്ക് താമസ സൗകര്യം ഒരുക്കിയെന്ന് ഷാർജ ഹൗസിംഗ് ഡിപ്പാർട്ട്മെന്റ് അറിയിച്ചു. ദുരിതമേഖല അധികൃതർ സന്ദർശിച്ച് നാശനഷ്ടങ്ങൾ രേഖപ്പെടുത്തി.
എമിറേറ്റിൽ കഴിഞ്ഞ ദിവസങ്ങളിൽ കനത്ത മഴയാണ് പെയ്തത്. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു.
കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ഷാർജ സിവിൽ ഡിഫൻസും അറിയിച്ചു. വെള്ളം കുത്തിയൊഴുകുമ്പോൾ അത് മുറിച്ച് കടക്കാൻ ശ്രമിക്കുകയോ അതിലൂടെ വാഹനം ഓടിക്കുകയോ ചെയ്യരുത്, കുട്ടികളെ വെള്ളക്കെട്ട് ഉള്ള സ്ഥലങ്ങളിൽ കളിക്കാൻ അനുവദിക്കരുത്, റോഡിലോ പാലത്തിലോ ജലനിരപ്പ് ഉയർന്നാൽ സ്വയരക്ഷയ്ക്ക് മുൻതൂക്കം നൽകണം എന്നിങ്ങനെയുള്ള മാർഗ നിർദേശങ്ങളും അധികൃതർ നൽകിയിട്ടുണ്ട്.

# പശ്ചിമബംഗാളിലെ ജയിലുകളിൽ എത്തുന്ന വനിതകൾ ഗർഭിണികളാകുന്നതായി വനിതാ കമ്മീഷൻ



കൽക്കട്ട: വിവിധ കുറ്റങ്ങളിൽ ശിക്ഷിക്കപ്പെട്ട് പശ്ചിമ ബംഗാളിലെ ജയിലുകളിൽ എത്തുന്ന വനിതകൾ ഗർഭിണികളാകുന്നതായി ദേശീയ വനിതാ കമ്മീഷൻ. 196 കുഞ്ഞുങ്ങളാണ് ഇപ്പോൾ അമ്മമാരോടൊപ്പം ജയിലുകളിൽ കഴിയുന്നത്. ഇവരിൽ ഭൂരിഭാഗവും സ്ത്രീകൾ തടവുകാരായി ജയിലിൽ എത്തിയ ശേഷം ഗർഭം ധരിച്ച് ഉണ്ടായവരാണ്. ഇത് പരിഗണിച്ച് പുരുഷ ജീവനക്കാരുടെ ജയിലിലേക്കുള്ള പ്രവേശനം തടയണമെന്ന ഹർജി അമിക്കസ് ക്യൂറി സമർപ്പിച്ചിട്ടുണ്ട്.
വിഷയം വാർത്താമാധ്യമങ്ങളിലൂടെയാണ് ശ്രദ്ധിക്കപ്പെട്ടതെന്ന് ദേശിയ വനിതാ കമ്മീഷൻ അറിയിച്ചു. ഇതേ തുടർന്ന് കമ്മിഷൻ ഡും ഡും സെൻട്രൽ കറക്ഷണൽ ഹോം സന്ദർശിക്കുകയും പശ്ചിമ ബംഗാൾ ഡിജിപിയെ കാണുകയും ചെയ്തിട്ടുണ്ട്.ഡെലീന ഖോങ്ഡുപ്പിൻറെ നേതൃത്വത്തിൽ അന്വേഷണ സമിതിയും രൂപീകരിച്ചു.

# യു.പി.എഫ്. കെ. യ്ക്ക് പുതിയ ഭാരവാഹികൾ

കുവൈറ്റ്: നാഷണൽ ഇവാഞ്ചലിക്കൽ ചർച്ചിലും അഹമ്മദി സെന്റെ പോൾസ് ചർച്ചിലും ഉൾപ്പെട്ട 18 സഭകളുടെ കൂട്ടായ്മയായ യുണൈറ്റഡ് പെന്തകോസ്തൽ ഫെലോഷിപ്പ് ഇൻ കുവൈറ്റ് (യു.പി. എഫ്. കെ)യുടെ വാർഷിക കൺവർഷൻ ഒക്ടോബർ 15 ,16,17, 18 തീയതികളിൽ എൻ.ഇ.സി.കെ. ചർച്ച് & പാരീഷ് ഹാളിൽ നടക്കും. പാസ്റ്റർ ബി.മോനച്ചൻ മുഖ്യ പ്രഭാഷണം നടത്തും. ടോം ഫിലിപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക ഗായകസംഘം ഉണ്ടായിരിക്കും. യുവജനങ്ങൾക്കും വനിതകൾക്കും പ്രത്യേക സമ്മേളനം ക്രമീകരിക്കും. സൂസൻ തോമസ് വനിതാ കോൺഫ്രൻസിൽ പ്രസംഗിക്കും.

യു.പി.എഫ്.കെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പാസ്റ്റർ എബി റ്റി. ജോയി (പ്രോഗ്രാം കൺവീനർ), സാം കുട്ടി സാമുവേൽ (ജനറൽ കോഡിനേറ്റർ), സിനു ഫിലിപ്പ് (സെക്രട്ടറി), ജേക്കബ് മാമൻ (ട്രഷറാർ), കെ.സി. സാമുവേൽ (ജോ. സെക്രട്ടറി), ജെയിംസ് ജോൺസൻ (ജോ. ട്രഷറാർ), ഷിബു വി.സാം (ഫൈനാൻസ് കൺവീനർ), ജിനു ചാക്കോ (കമ്മിറ്റി മെമ്പർ), ജോസ് ഡാനിയേൽ (കമ്മിറ്റി മെമ്പർ), റോയി കെ. യോഹന്നാൻ (ഉപദേശക സമതി അംഗം), പാസ്റ്റർ വി.റ്റി. ഏബ്രഹാം (ഉപദേശക സമതി അംഗം), പ്രോഗ്രാം കമ്മിറ്റി അംഗങ്ങളായി പാസ്റ്റർ ജോസ് തോമസ് (എ.ജി സഭ), പാസ്റ്റർ എബ്രഹാം സക്കറിയാ (ചർച്ച് ഓഫ് ഗോഡ്), പാസ്റ്റർ റെജിമോൻ (ഐ.പി.സി), പാസ്റ്റർ അലക്സ് കുര്യൻ ( ന്യൂ ഇന്ത്യ), പാസ്റ്റർ ബിജിലി സൈമൺ (ശാരോൻ), പാസ്റ്റർ സുജു ജോൺ (ശാരോൻ പെന്തക്കോസ്തൽ ചർച്ച് ഓഫ് ഗോഡ്) പാസ്റ്റർ സുബി ഫിലിപ്പ് (എം. എൽ. സി ) എന്നിവരെയും തിരഞ്ഞെടുത്തു.

കൂടാതെ പാസ്റ്റർ സുജു ജോൺ (പ്രാർത്ഥനാ സഹകാരി) ഷാജി തോമസ് ( പ്രാർത്ഥനാ സഹകാരി) ഡോ. അനിൽ ജോയി തോമസ് (പബ്ലിസിറ്റി കൺവീനർ) സാന്തോഷ് വർഗ്ഗീസ് (പബ്ലിസിറ്റി ജോ. കൺവീനർ), ഡോ.സണ്ണി ആൻഡ്രൂസ് (സൂപനിയർ കൺവീനർ) ഷൈൻ തോമസ് (സൂപനിയർ ജോ. കൺവീനർ),ജെയിംസ് തോമസ് (ട്രാൻസ്പോർട്ടേഷൻ) അഭിലാഷ് വിക്രം (ട്രാൻസ്പോർട്ടേഷൻ), ഷൈജു രാജൻ ( ക്വയർ കൺവിനർ) ജെയിംസ് ഏബ്രഹാം (ക്വയർ കൺവിനർ) തോമസ് ഫിലിപ്പ് (വാളന്റിയേഴ്സ് കൺവീനർ) , ബിനോയ് ജോൺ (വോളന്റിയേഴ്സ് ജോ. കൺവീനർ) സുജിത് ഡാനിയേൽ (ഫോട്ടോഗ്രാഫി ), റ്റിജോ സി. സണ്ണി ( വീഡിയോ & ഹാർസ്റ്റ് ടി.വി. കൺവീനർ ), ജേക്കബ് തോമസ് (ടെക്നിക്കൽ കൺവീനർ) അജു ഏബ്രഹാം (ടെക്നിക്കൽ ജോ. കൺവീനർ) ജോജി ഐസക് (ഓഡിറ്റർ) ലിജോ തോമസ് (ഓഡിറ്റർ), ഷെറിൻ മാത്യു (വനിതാ വിഭാഗം കൺവീനർ), ഷെലി അലക്സ് (വനിതാ വിഭാഗം ജോ. കൺവീനർ) ജോബ് സിബി (യുവജന വിഭാഗം കൺവീനർ) ഫിന്നി ജേക്കബ് (യുവജന വിഭാഗം ജോ.കൺവീനർ).

# സ്കൂളിൽ ബി.ജെ.പി. പ്രവർത്തകരുടെ പൂജ: റിപ്പോർട്ട് തേടി വിദ്യാഭ്യാസ വകുപ്പ്




കോഴിക്കോട്: സ്കൂളിൽ പൂജ നടത്തി ബി ജെ പി പ്രവർത്തകർ. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിയ്ക്ക് അടുത്ത് നെടുമണ്ണൂർ എൽ പി സ്കൂളിൽ ആണ് സംഭവം. ഇന്നലെ രാത്രിയാണ് സ്കൂൾ മാനേജരുടെ മകനും ബി ജെ പി പ്രവർത്തകരും സ്കൂളിൽ പൂജ നടത്തിയത്. സംഭവം അറിഞ്ഞെത്തിയ നാട്ടുകാരും സി പി എം പ്രവർത്തകരും രാത്രിയിൽ തന്നെ പ്രതിഷേധിച്ചു. സി പി എമ്മും ഡി വൈ എഫ് ഐയും ഇന്ന് സ്കൂളിലേക്ക് പ്രതിഷേധ മാർച്ചും നടത്തി.സംഭവത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് കുന്നുമ്മൽ എ ഇ ഒയോട് റിപ്പോർട്ട് തേടി. ഡയറക്ടർ ജനറൽ ഓഫ് എജുക്കേഷൻ ആണ് റിപ്പോർട്ട് ആവശ്യപ്പെട്ടത്. റിപ്പോർട്ട് ഇന്ന് തന്നെ മേലുദ്യോഗസ്ഥർക്ക് നൽകും എന്ന് കുന്നുമ്മൽ എ ഇ ഒയും അറിയിച്ചു. ബി ജെ പിക്കാരുടെ പൂജയും അതിനെതിരായ സി പി എം പ്രതിഷേധവും ആയപ്പോൾ ഇന്നലെ സ്ഥലത്ത് സംഘർഷ സമാന സാഹചര്യമായിരുന്നു. തൊട്ടിൽപാലം പൊലീസ് സ്ഥലത്തെത്തിയതോടെയാണ് പ്രതിഷേധം അവസാനിപ്പിച്ചത്. സ്കൂൾ മാനേജർ അരുണയുടെ മകൻ രുധീഷിന്റെ നേതൃത്വത്തിലുള്ള ബി ജെ പി പ്രവർത്തകർ ഉൾപ്പെട്ട സംഘമാണ് പൂജ നടത്തിയത്. പൂജ നടന്നത് തന്റെ അറിവോടെ അല്ല എന്നും രാത്രി 7 മണിയോടെ നാട്ടുകാർ വിളിച്ച് പറഞ്ഞപ്പോഴാണ് വിവരം അറിഞ്ഞത് എന്നും സ്കൂൾ ഹെഡ്മിസ്ട്രസ് സജിത ടി കെ പറഞ്ഞു. മാനേജരുടെ മകന്റെ നേതൃത്വത്തിലാണ് പൂജ എന്നറിഞ്ഞപ്പോൾ നിർത്തി വയ്ക്കാൻ ആവശ്യപ്പെട്ടിരുന്നു എന്നും അവർ വ്യക്തമാക്കി. നവമിയുടെ ഭാഗമായി കാലങ്ങളായി സ്കൂളിൽ പൂജ നടത്താറുണ്ട്. എന്നാൽ മറ്റ് അവസരങ്ങളിൽ പൂജ നടത്താറില്ല എന്നും സ്കൂൾ ഓഫീസ് റൂമിൽ അടക്കം അതിക്രമിച്ച് കടന്നവർക്കെതിരെ എ ഇ ഒയ്ക്ക് പരാതി നൽകുമെന്നും ഹെഡ്മിസ്ട്രസ് പറഞ്ഞു.

പൂജ നടത്തിയവരെ പൊലീസ് കസ്റ്റഡിയിലെടുത്ത് വിട്ടയച്ചു. മാനേജ്മെന്റിനും പൂജയിൽ പങ്കെടുത്ത അധ്യാപികയ്ക്കുമെതിരെ നടപടിയെടുക്കും വരെ സ്കൂൾ തുറക്കാൻ അനുവദിക്കില്ലെന്ന നിലപാടിലാണ് പ്രതിഷേധക്കാർ. മഹാനവമിക്ക് സ്കൂളിൽ സ്ഥിരമായി പൂജ നടത്താറുണ്ടെന്നും കഴിഞ്ഞ തവണ അത് മുടങ്ങി പോയതിനാൽ ഇപ്പോൾ നടത്തിയതാണെന്നുമാണ് മാനേജ്മെന്റിന്റെ പ്രതികരണം.

# പ്രവാസികളെ മലയാളത്തിൽ അഭിസംബോധന ചെയ്ത് മോദി : 'നിങ്ങളെയോർത്ത് അഭിമാനിക്കുന്നു'

അബുദാബി: യു എ ഇയിലെ പ്രവാസി സമൂഹത്തെ അഭിസംബോധന ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെയാണ് മോദി യു എ ഇയിലെത്തിയത്. ചൊവ്വാഴ്ച അബുദാബിയിലെ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്ത് 'അഹ്ലൻ മോദി' സാംസ്കാരിക പരിപാടിയിൽ അദ്ദേഹം സംസാരിച്ചു. അബുദാബി സായിദ് സ്പോർട്സ് സിറ്റി സ്റ്റേഡിയത്തിലായിരുന്നു പരിപാടി സംഘടിപ്പിച്ചത്. 'ഭാരതം നിങ്ങളെയോർത്ത് അഭിമാനിക്കുന്നു' എന്ന് മലയാളത്തിൽ അഭിസംബോധന ചെയ്തുകൊണ്ട് പ്രസംഗം തുടങ്ങിയ മോദി, പിന്നീട് സംസ്കൃതം, തമിഴ്, തെലുങ്ക് തുടങ്ങി വിവിധ ഭാഷകളിൽ അദ്ദേഹം സദസിനെ അഭിസംബോധന ചെയ്യുകയും ചെയ്തു. അടുത്ത തവണ അധികാരത്തിലെത്തിയാൽ ഇന്ത്യയെ ലോകത്തിലെ മൂന്നാം വലിയ സാമ്പത്തിക ശക്തിയാക്കി മാറ്റുമെന്നും അദ്ദേഹം വ്യക്തമാക്കി.'ഞാൻ എന്റെ കുടുംബാംഗങ്ങളെ കാണാനാണ് വന്നത്. നിങ്ങൾ ജനിച്ച മണ്ണിന്റെ സുഗന്ധം ഞാൻ കൊണ്ടുവന്നു. 140 കോടി ജനങ്ങളുടെ സന്ദേശം കൊണ്ടുവന്നു. ഭാരതം നിങ്ങളെക്കുറിച്ച് അഭിമാനിക്കുന്നു,' മോദി പറഞ്ഞു. യു എ ഇയിൽ വിമാനമിറങ്ങിയപ്പോൾ സ്വന്തം വീട്ടിലെത്തിയെന്ന തോന്നൽ ഉണ്ടാക്കിയതായും അദ്ദേഹം പറഞ്ഞു. 2047ഓടെ ഇന്ത്യയെ വികസിത രാജ്യമാക്കി മാറ്റും എന്നും അദ്ദേഹം പറഞ്ഞു.

യു എ ഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ മോദിയെ അഭിവാദ്യം ചെയ്യുകയും ഗാർഡ് ഓഫ് ഓണർ നൽകുകയും ചെയ്തു. നരേന്ദ്ര മോദിയും ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനും ചൊവ്വാഴ്ച ഉഭയകക്ഷി ചർച്ച നടത്തി. ഇതിന് മുൻപ് രാജ്യം സന്ദർശിച്ചപ്പോഴുണ്ടായ അനുഭവവും അദ്ദേഹം പങ്ക് വെച്ചതിങ്ങനെ, 'മൂന്ന് പതിറ്റാണ്ടിന് ശേഷം ഒരു ഇന്ത്യൻ പ്രധാനമന്ത്രിയുടെ യു എ ഇ സന്ദർശനമായിരുന്നു അത്. നയതന്ത്രലോകം എനിക്ക് പുതിയതായിരുന്നു. വിമാനത്താവളത്തിൽ എന്നെ അന്നത്തെ കിരീടാവകാശിയും അദ്ദേഹത്തിന്റെ അഞ്ച് സഹോദരന്മാരും സ്വാഗതം ചെയ്തു. ആ ഊഷ്മളതയും അവരുടെ കണ്ണുകളിലെ തിളക്കവും എനിക്കൊരിക്കലും മറക്കാൻ കഴിയില്ല. ആ സ്വാഗതം എനിക്ക് മാത്രമല്ല, 140 കോടി ഇന്ത്യക്കാർക്കും വേണ്ടിയായിരുന്നു,' മോദി പറഞ്ഞു.

**HOUSE FOR RENT IN AMALLOOR**

Furnished 3 Bedroom house with a front patio with ample parking for rent in Thiruvalla.

**Contact-Baby Samuel**

**WhatsApp No. +91 92072 51248**

# ആമാശയത്തിൽ രണ്ട് കിലോ മുടിയുമായി പത്താം ക്ലാസുകാരി: മുടിക്ക് 30 സെന്റി മീറ്റർ നീളവും 15 സെന്റി മീറ്റർ വീതിയുമുണ്ട്.



കോഴിക്കോട്: പാലക്കാട് സ്വദേശിനിയായ പത്താം ക്ലാസ് വിദ്യാർത്ഥിനിയുടെ ആമാശയത്തിൽ നിന്ന് രണ്ട് കിലോയോളം തൂക്കം ഉള്ള മുടിക്കെട്ട് നീക്കം ചെയ്തു. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആണ് സങ്കീർണമായ ശസ്ത്രക്രിയ നടത്തിയത്. മുടിക്കെട്ടിന് 30 സെന്റി മീറ്റർ നീളവും ആമാശത്തിന്റെ അതേ രൂപത്തിലാണ് ഉണ്ടായിരുന്നത്.സർജറി വിഭാഗം പ്രൊഫസർ ഡോ. വൈ ഷാജഹാന്റെ നേതൃത്വത്തിൽ നടത്തിയ ശ്സ്ത്രക്രിയ ഡോ. വൈശാക് ചന്ദ്രൻ, ഡോ ജെറി ജോർജ്, ഡോ ബി ര!ഞ്ജിത്ത്, ഡോ അഞ്ജലി അനിൽ, അനസ്തേഷ്യ വിഭാ?ഗത്തിലെ പ്രൊഫസർ ഡോ. മുഹമ്മദ് ബഷീർ, അസി. പ്രൊഫസർ ഡോ അബ്ദുൾ ലത്തീഫ് തുടങ്ങിയവർ പങ്കെടുത്തു. ശസ്ത്രക്രിയയ്ക്ക് ശേഷം കുട്ടി പൂർണ ആരോ?ഗ്യവതിയാണെന്ന് ഡോ . ഷാജഹാൻ പറഞ്ഞു.അമിത ആകാംക്ഷയും അമിത സമ്മർദ്ദവും ഉള്ള കുട്ടികളിലും ചെറുപ്പക്കാരിലും പ്രത്യേകിച്ച് പെൺകുട്ടികളിൽ കാണുന്ന അവസ്ഥ ആണ് ഇതെന്ന് ഡോക്ടർമാർ പറയുന്നു. പല കാലങ്ങളിലായി കടിക്കുകയും വിഴുങ്ങുകയും ചെയ്ത തലമുടി ആമാശയത്തിനുള്ളിൽ കെട്ടുപിണഞ്ഞ് ആഹാംരംശവുമായി ചേർന്ന് ട്യൂമറായി മാറും. ഇത് ഭക്ഷണം കഴിക്കുന്നത് കുറയ്ക്കും, വിളർച്ചയ്ക്കും വളർച്ച മുരടിക്കാനും കാരണമായേക്കും. ക്ഷീണതരാവുമ്പോൾ ആണ് പൊതുവേ ആശുപത്രിയിലേക്ക് എത്തുക. ഇതിന്റെ ശാസ്ത്രീയ നാമം 'ട്രൈക്കോബിസയർ' എന്നാണ്.






തയ്യാറാക്കിയത്:
**സിസ്റ്റർ ജോസി റിജോയി**

## ഇന്നത്തെ ചോദ്യങ്ങൾ

**വായന ഭാഗം: യോശുവ : 7 - 9**

1. ശാപതാർപ്പിതം സംബന്ധിച്ചു അകൃത്യം ചെയ്തവൻ ആര്?
2. ഒരു വ്യക്തിയുടെ പാപം മൂലം ഒരു കുടുംബം മുഴുവനും ശിക്ഷ അനുഭവിക്കേണ്ടി വന്നു ആരുടെ കുടുംബം?
3. യോശുവ പണി കഴ്പ്പിച്ച യാഗപീഠത്തിന്റെ പ്രത്യേകത?
4. ദുരസ്ഥർ എന്നു പറഞ്ഞ ഗിബേയോൻ ആരായിരുന്നു?
5. അനുഗ്രഹങ്ങൾ വായിച്ചപ്പോൾ പകുതിപേർ നിന്ന സ്ഥലം?

## ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. യോശുവ (4:15)
2. യെരിഹോ സമഭൂമി (5:10)
3. യെരിഹോവിനു സമീപം (5:15)
4. ശാപതാർപ്പിതം 6:17)
5. ജനം ദേശത്തെ വിളവ് അനുഭവിച്ചതിന്റെ പിറ്റെ ദിവസം (5:12)

CHRISTIAN LIVE DAILY
15 FEBRUARY 2024
VOL 03
ISSUE 045 | 744
ON THE BATTLEFIELD FOR THE GREAT COMMISSION
www.christianlive.in
cnl7news@gmail.com
+91 98465 52220

